5. സാറ്റലൈറ്റ് ഫയർ ഔട്ട് പോസ്റ്റുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിക്കുക. ഇവ ബഡ്ജറ്റിനകത്തുള്ള പദ്ധതിളാണ്.

(ബി) മിഷൻ 676-ൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

അഴിമതി ആരോപണത്തിന്റെ പേരിൽ വിജിലൻസ് അന്വേഷണം

216 (1921) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിജിലൻസ് അന്വേഷണം നേരിടുന്ന എത്ര മന്ത്രിമാരുടെ പേരിലുള്ള ആരോപണങ്ങൾക്ക് കീഴ്ക്ക് വെരിഫിക്കേഷൻ നടത്തി FIR രജിസ്റ്റർ ചെയ്തിട്ടുണ്ട് ; മന്ത്രിമാരുടെ പേരുകളും അവരുടെ പേരിൽ ഇട്ട FIR-ലെ വകുപ്പുകളും വ്യക്തമാക്കാമോ ?

ഉത്തരം

ഇപ്പോഴത്തെ മന്ത്രിസഭയിലെ ഒരു മന്ത്രിയുടെ പേരിലുള്ള ആരോപണത്തിൽ സത്വരാന്വേഷണം നടത്തി പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശ്രീ. കെ. എം. മാണിയുടെ പേരിൽ നടത്തിയ പ്രസ്തുത സത്വരാന്വേഷണത്തിൽ 1988-ലെ അഴിമതി നിരോധന നിയമത്തിലെ 7, 13 (1) (ഡി) വകുപ്പുകൾ പ്രകാരം ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ബാർ കോഴയിലെ വിജിലൻസ് അന്വേഷണം

217 (1922) ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. സി. കെ. സദാശിവൻ :

ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ഡി.എഫ്. സർക്കാരിലെ പലർക്കുമായി 24 കോടി രൂപ കൈക്കൂലി നൽകിയിട്ടുണ്ടെന്നും ഒരു മന്ത്രി നിർദ്ദേശിച്ചവർക്കെല്ലാം പണം നല്കിയിട്ടുണ്ടെന്നും ബാർ ഓണേഴ്സ് അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് പരസ്യമായി വെളിപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബാർ കോഴ സംബന്ധിച്ച് അന്വേഷണം നടത്തുന്ന വിജിലൻസ് സംഘം ഇക്കാര്യം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ ;

(സി) പണം വാങ്ങിയവരുടെ ലിസ്റ്റ് തന്റെ കയ്യിലുണ്ടെന്ന വർക്കിംഗ് പ്രസിഡന്റിന്റെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അതുസംബന്ധമായ രേഖകൾ വിജിലൻസ് സംഘം പിടിച്ചെടുക്കുകയുണ്ടായോ ;

(ഡി) ബാർ കോഴ ഇടപാടുകളുമായി ബന്ധപ്പെട്ട് പുറത്തുവന്ന വെളിപ്പെടുത്തലുകളെ തുടർന്ന് വിജിലൻസ് സംഘം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കുമോ ?

ഉത്തരം

(എ) ഇത്തരമൊരു ആരോപണം വിജിലൻസ് അന്വേഷിക്കുന്നില്ല.

(ബി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ രജിസ്റ്റർ ചെയ്ത വി.സി.6/2014/എസ്.ഐ.യു.-1 എന്ന കേസന്വേഷണത്തിൽ ശ്രീ. കെ. എം. മാണി ഒരു കോടി രൂപ ബാറുടമകളിൽനിന്നും കൈക്കൂലി വാങ്ങിയെന്ന ആരോപണത്തിൽ അന്വേഷണം നടത്തിയിട്ടുണ്ട്. എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബു ബാർ ഉടമകളിൽനിന്നും 10 കോടി രൂപ വാങ്ങിയെന്ന ശ്രീ. ബിജു രമേശിന്റെ ആരോപണത്തിൽ ഒരു സത്വരാന്വേഷണവും നടത്തിയിട്ടുണ്ട്.

(സി) പണം വാങ്ങിയവരുടെ ലിസ്റ്റുള്ളതായി വർക്കിംഗ് പ്രസിഡന്റ് അന്വേഷണ ഉദ്യോഗസ്ഥർ മുമ്പാകെ വെളിപ്പെടുത്തിയിട്ടില്ല.

(ഡി) ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ശ്രീ. ബിജു രമേശ് ഉയർത്തിയ ആരോപണങ്ങൾ ചൂണ്ടിക്കാട്ടി പ്രതിപക്ഷ നേതാവ് നൽകിയ പരാതിയിൽ ഒരു സത്വരാന്വേഷണം നടത്തി. അതിനുശേഷം മന്ത്രി ശ്രീ. കെ. എം. മാണിക്കെതിരെ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടക്കുകയും ചെയ്യുന്നു. വർക്കിംഗ് പ്രസിഡന്റ് തിരുവനന്തപുരം ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് കോടതി മുമ്പാകെ നൽകിയ Cr.PC 164 പ്രകാരമുള്ള മൊഴിയിൽ മന്ത്രി കെ. ബാബുവിനെതിരെയുള്ള പരാമർശങ്ങളിൽ ഒരു പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചത് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly